**File No.: GE-DA2/37/2026-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ശ്രീ. മുഹമ്മദ് ഇസ്മയിൽ.എം, എച്ച്.എസ്.എസ്.ടി അറബിക്, ജി.എച്ച്.എസ്.എസ്, താമരശ്ശേരി, കോഴിക്കോട് -സസ്പെൻഷൻ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2632/2026/GEDN തീയതി,തിരുവനന്തപുരം, 10-04-2026

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.01.2026-ലെ HSE/1987/2026-Ad C1 നമ്പർ ഉത്തരവ്

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.03.2026 ലെ HSE/1987/2026-Ad C1 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് താമരശ്ശേരി ഗവൺമെൻറ് എച്ച്. എസ്.എസി ലെ എച്ച് എസ് എസ് ടി അറബിക് അധ്യാപകനും, എൻ എസ് എസ് ചുമതലയുള്ളതുമായ ശ്രീ. മുഹമ്മദ് ഇസ്മയിൽ.എം, എൻ. എസ്സ്. എസ്സ് ക്യാമ്പിൽ വച്ച് വിദ്യാർത്ഥിനികൾക്കുനേരെ ലൈംഗിക അതിക്രമം കാട്ടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. സ്കൂൾ കൗൺസിലർക്ക് വിദ്യാർത്ഥികൾ നൽകിയ മൊഴി പ്രകാരം ടിയാനിൽ നിന്നും ലൈംഗിക അതിക്രമം നേരിട്ടതായി 3 വിദ്യാർത്ഥിനികൾ അറിയിച്ചെന്നും അപ്രകാരം താമരശ്ശേരി പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും, പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച നിർദേശം അനുസരിച്ച് പരാതി പോലീസിന് കൈമാറിയതായും രക്ഷിതാവിന്റെ സാന്നിദ്ധ്യത്തിൽ വിദ്യാർത്ഥിനിയുടെ മൊഴി പോലീസ് രേഖപ്പെടുത്തിയതായും ക്രൈം നം. 53/2026 പ്രകാരം കേസ് റജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണെന്നും സ്കൂൾ പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ടിയാനെ സസ്പെൻറ് ചെയ്ത നടപടി സാധൂകരിക്കണമെന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മുഹമ്മദ് ഇസ്മയിൽ-നെതിരെ വകുപ്പുതല അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി 1960- Kerala Civil Services (Classification Control & Appeal) Part IV Rules 10 (1)(b) പ്രകാരം 27.01.2026 ലെ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ

സർവ്വീസിൽ നിന്നും സസ്പെൻ്റ് ചെയ്ത പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം) തിരുവനന്തപുരം
2. ശ്രീ. മുഹമ്മദ് ഇസ്മയിൽ.എം ,എച്ച് എസ് എസ് ടി അറബിക് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ, കേരള, തിരുവനന്തപുരം
4. അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
5.വെബ്(ന്യൂ മീഡിയ/കൈററ്സ്)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 16-04-2026 10:54:34

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്